പതിമൂന്നാം കേരള നിയമസഭ
അഞ്ചാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ: 3897 27.06.2012-ൽ മറുപടിക്ക്

## കോഴിക്കോട് ജില്ലയിലെ എച്ച്1 എൻ1 ബാധിതർ

**ചോദ്യം**

ശ്രീ. എ. പ്രദീപ്കുമാർ

**മറുപടി**

ശ്രീ. വി. എസ്. ശിവകുമാർ
(ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പ് മന്ത്രി)

എ) കോഴിക്കോട് ജില്ലയിൽ ഈ വർഷം എച്ച്1 എൻ1 രോഗം റിപ്പോർട്ട് ചെയ്തിട്ടുണ്ടോ ; ഉണ്ടെങ്കിൽ എവിടെയെല്ലാമാണെന്ന് വിശദമാക്കുമോ ;

എ) ഉണ്ട്. വിശദമായ കണക്ക് ചുവടെ ചേർത്തിരിക്കുന്നു.

| | |
|---|---|
| കോഴിക്കോട് കോർപ്പറേഷൻ | 40 |
| മേലടി | 1 |
| മണിയൂർ | 1 |
| കക്കോടി | 2 |
| കൊയിലാണ്ടി | 1 |
| കുന്നുമ്മൽ | 1 |
| ചുലൂർ | 1 |
| ചാലിയം | 1 |
| ഒളവണ്ണ | 3 |
| മങ്ങാട് | 1 |
| മേപ്പയൂർ | 1 |
| അത്തോളി | 1 |
| ബേപ്പൂർ | 2 |
| കൊളത്തറ | 2 |
| ആകെ | 58 |

കോഴിക്കോട് മെഡിക്കൽ കോളേജ് ആശുപത്രിയിൽ 4-ഉം ഐ.എം.സി.എച്ച്-ൽ 14-ഉം കേസുകൾ റിപ്പോർട്ട് ചെയ്തിട്ടുണ്ട്.

ബി) പ്രസ്തുത രോഗം പടരാതിരിക്കുന്നതിനുള്ള എന്തെല്ലാം പ്രതിരോധ പ്രവർത്തനങ്ങളാണ് സ്വീകരിച്ചതെന്ന് വിശദമാക്കുമോ ?

ബി) രോഗം പകരുന്ന രീതിയെക്കുറിച്ചും സ്വീകരിക്കേണ്ട മുൻകരുതൽ നടപടികളെക്കുറിച്ചും ബോധവത്കരണ പ്രവർത്തനങ്ങൾ നടത്തുകയും ചികിത്സയ്ക്കാവശ്യമായ മാർഗ്ഗരേഖകൾ വ്യാപകമായി വിതരണം ചെയ്യുകയും ചെയ്തിട്ടുണ്ട്. രോഗ ചികിത്സയ്ക്കാവശ്യമായ

മരുന്ന് എല്ലാ സ്ഥാപനങ്ങളിലും ലഭ്യമാക്കി. കോഴിക്കോട് ബീച്ച് ആശുപത്രിയിൽ രോഗനിർണ്ണയത്തിനാവശ്യമായ സാമ്പിളുകൾ ശേഖരിച്ച് അയയ്ക്കുന്നതിനുള്ള സംവിധാനം ഏർപ്പെടുത്തുകയും ആശുപത്രിയിലെ ഒരു ഡോക്ടറെ ജില്ലയിലെ എച്ച്1 എൻ1 പ്രതിരോധ പ്രവർത്തനങ്ങൾക്ക് നേതൃത്വം കൊടുക്കുന്നതിന് നോഡൽ ഓഫീസറായി ചുമതലപ്പെടുത്തുകയും ചെയ്തിട്ടുണ്ട്. കൂടാതെ, ക്ലിനിക്കൽ വിഭാഗത്തിലെ ജീവനക്കാർക്ക് വാക്സിനേഷൻ നൽകുകയുമുണ്ടായി.

സെക്ഷൻ ഓഫീസർ